പത്രക്കുറിപ്പ്

**കേരള സംസ്ഥാന ബാലാവകാശ**
**സംരക്ഷണ കമ്മീഷൻ**
**ഫോൺ : 0471-2326603**

19-02-2021

**ബാലാവകാശ സംരക്ഷണം വെറും സർക്കാർ ജോലി അല്ല : മന്ത്രി ശൈലജ ടീച്ചർ**

ബാലാവകാശ സംരക്ഷണ പ്രവർത്തനങ്ങളെ സാധാരണ സർക്കാർ ജോലി ആയി കണക്കാക്കാൻ കഴിയില്ലെന്ന് ആരോഗ്യം-സാമൂഹികനീതി-വനിത-ശിശുവികസന മന്ത്രി കെ.കെ. ശൈലജ ടീച്ചർ പറഞ്ഞു. ഉത്തരവാദപ്പെട്ട വിവിധ വകുപ്പുകളും സമിതികളും ഏകോപിച്ച് പ്രവർത്തിക്കുമ്പോൾ മാത്രമേ കുട്ടികൾക്ക് നീതി ലഭിക്കൂ. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിക്കുന്ന ബാലസൗഹൃദ കേരളം പദ്ധതി യുടെ പരിശീലകർക്കുള്ള ദ്വിദിന പരിശീലന പരിപാടി ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും ഉള്ള ബാലാവകാശ സംരക്ഷണ സംവി ധാനങ്ങളുടെ മെല്ലെ പോക്ക് അനുവദിക്കാനാവില്ല. ചൈൽഡ് വെൽഫെയർ കമ്മിറ്റി കൾ, ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ, ബാലാവകാശ സംരക്ഷണ കമ്മീഷൻ തുടങ്ങി എല്ലാ സമിതികളും കുട്ടികൾക്കുള്ള സേവന സമിതികൾ ആയിരിക്കണം. പ്രശ്നങ്ങളിൽ അകപ്പെടുന്ന കുട്ടികളെ എവിടെ പറഞ്ഞയയ്ക്കണമെന്നോ അവർക്ക് എന്ത് ഉപദേശം നൽകണമെന്നോ ഓരോ പ്രശ്നത്തിലും ഏതു രീതിയിൽ ഇടപെടണ മെന്നോ ഉള്ള വ്യക്തമായ ധാരണ ഓരോ ചുമതലക്കാർക്കും ഉണ്ടായിരിക്കണമെന്നും മന്ത്രി പറഞ്ഞു. ഇക്കാര്യങ്ങളിൽ വ്യക്തത ഉണ്ടെങ്കിൽ മാത്രമേ ബാലനീതി നടപ്പാവുക യുള്ളൂ.

കുട്ടികളെ സ്വപ്നങ്ങളിലേയ്ക്ക് നയിക്കാനുള്ളതാവണം ബാലാവകാശ സംരക്ഷണ പ്രവർത്തനങ്ങളെന്ന് ചട്ടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കമ്മീഷൻ ചെയർമാൻ കെ.വി. മനോജ് കുമാർ പറഞ്ഞു. കുട്ടികൾ ഇപ്പോഴും പീഡിപ്പിക്കപ്പെടുന്നു എന്നത് കേരള സമൂഹം വളരെ ഗൗരവത്തോടെ പരിശോധിക്കേണ്ട വിഷയമാണ്. കൃത്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും എല്ലാ ചുമതലക്കാരും ഒന്നായി ചേർന്നു കൊണ്ട് വീടുകളിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും വ്യക്തികളിലേയ്ക്കും കുട്ടികളുടെ അവകാശങ്ങളും അത് സംബന്ധിച്ച കാര്യങ്ങളും എത്തിക്കാൻ ബാലസംരക്ഷണ സമിതികൾ ശാക്തീകരിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നൂറ് പരിശീലകർക്കാണ് പരിശീലനം നൽകുന്നത്. ജിജോ ചിറ്റാടി, കമ്മീഷൻ അംഗങ്ങളായ കെ. നസീർ, ഫാ. ഫിലിപ്പ് പരക്കാട്ട്, സി. വിജയകുമാർ, പി.പി. ശ്യാമളാദേവി, റെനി ആന്റണി, ബി. ബബിത എന്നിവർ പ്രസംഗിച്ചു.

ഇന്ന് നടക്കുന്ന സമാപന സമ്മേളനം സഹകരണം-വിനോദ-സഞ്ചാര-ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. വനിത-ശിശു വികസന വകുപ്പ് സെക്രട്ടറി ബിജു പ്രഭാകർ ഐ.എ.എസ്. പ്രസംഗിക്കും. കമ്മീഷൻ ചെയർമാൻ കെ.വി. മനോജ് കുമാർ അദ്ധ്യക്ഷത വഹിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ

**<u>കാപ്ഷൻ</u>**

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിക്കുന്ന ബാലസൗഹൃദ കേരളം പദ്ധതിയുടെ പരിശീലകർക്കുള്ള പരിശീലന പരിപാടി ആരോഗ്യം-സാമൂഹിക നീതി-വനിത-ശിശുവികസന മന്ത്രി കെ.കെ. ശൈലജ ടീച്ചർ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുന്നു.